ഇതിനുംപുറമെ അപകടം പറ്റിയ തൊഴിലാളികൾക്കായി 2500 രൂപ ഗവണ്മെൻറിൽനിന്നും സഹായധനം നൽകി.

ശ്രീ. ആർ. സുഗതൻ : കടലിൽവച്ചു അപകടംപറ്റി മരിച്ചു പോയ ഒരു തൊഴിലാളിക്കു് ഗവണ്മെൻറിൽനിന്നും സഹായധനം വല്ലതും കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : സഹായധനം കൊടുത്തിട്ടുണ്ടു്.

കയർ അഡ്വൈസറി കമ്മിറ്റി.

* 574. [26] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. പി. ഗവണ്മെൻറ നിലവിലിരുന്ന കാലത്തു നിയമിച്ച കയർ അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണു്;

(സി) പ്രസ്തുത റിപ്പോർട്ട പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ, ബി, സി.) കയർ അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ടു് 4-4-1955-ൽ ലഭിച്ചിട്ടുണ്ടു്. പ്രസ്തുത റിപ്പോർട്ടു് അച്ചടിപ്പിച്ചു് 13 ണ. വിലവച്ചു തിരുവനന്തപുരം ഗവണ്മെൻറ പ്രസ്സിൽ വിൽക്കുന്നുണ്ടു്.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ആ റിപ്പോർട്ടിൽ പറയുന്ന എല്ലാ സംഗതികളും നടപ്പിലാക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. കുട്ടപ്പൻകോയിക്കൽ : എന്തുകൊണ്ടാണു് അതു നടപ്പിലാക്കാത്തതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റി ഗവണ്മെൻറ ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഇതുവരെ ആലോചിച്ചു തീരുമാനമെടുക്കാത്തതിൻറെ കാരണമെന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 4-4-1955-ൽ ആണു് റിപ്പോർട്ടു ലഭിച്ചതു്. അന്നുമുതൽ 18-10-55 വരെ എത്രകാലം കഴിഞ്ഞു എന്നു ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ കണക്കാക്കാം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഈ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തി കഴിഞ്ഞിട്ടു ഇതുവരെ അതേപ്പറ്റി ആലോചിച്ചില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാണു് ഇപ്പോൾ ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ: ഇതിന്റെ തീരുമാനം ഉണ്ടാകാത്തതുകൊണ്ടു് മിനിമംവേജസ് കൊടുക്കുന്നതിനു് വളരെ കാലതാമസം നേരിടുന്നുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടു് ആറുമാസം കഴിഞ്ഞിട്ടേയുള്ളു. അതു സംബന്ധിച്ചു് ഒരു തീരുമാനം എടുക്കുന്നതിനു പലേ വിഷമങ്ങളും ഉണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: എന്താണു പ്രയാസങ്ങൾ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരു സങ്കീർണ്ണ പ്രശ്നമാണു്.

ശ്രീ. ടി. കെ. ദിവാകരൻ: അതിൽ എന്താണു് സങ്കീർണ്ണപ്രശ്നങ്ങൾ ഉള്ളതു്. മിനിമംവേജസ് ആക്ടു് അനുസരിച്ചുള്ള നോട്ടിഫിക്കേഷനിൽ ചില ഭേദഗതികൾ മാത്രമാണു് അതിൽ വരുത്തിയിട്ടുള്ളതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മിനിമംവേജസ് എൻഫോഴ്സു ചെയ്യുമ്പോൾ എന്നാണു് അവർ പ്രധാനമായി പറഞ്ഞിട്ടുള്ളതു്.

ശ്രീ. കെ. കരുണാകരൻ: കയർമിനിമംവേജസ് ആക്ടിൽ പറഞ്ഞിട്ടുള്ള അഡൈവസറി കമ്മിറ്റിയുടെ റിപ്പോർട്ടും ഏകദേശം ഇതുതന്നെയല്ലെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട കൊല്ലം മെമ്പർ രണ്ടും രണ്ടാണെന്നു വിചാരിച്ചു.

ശ്രീ. ടി. കെ. ദിവാകരൻ: അഡൈവസറി കമ്മിറ്റിയുടെ റിപ്പോർട്ടിൽ വക്കു്ലോഡ് അല്പം വ്യത്യാസം വന്നിട്ടുണ്ടെന്നല്ലാതെ വലിയ വ്യത്യാസമില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടൊക്കെയാണു് ഇതു് ഒരു സങ്കീർണ്ണമായ പ്രശ്നമാണെന്നു പറഞ്ഞതു്.

ശ്രീ. കെ. കരുണാകരൻ: ആ റിപ്പോർട്ടിൽ വക്കുലോഡ് വർദ്ധിപ്പിക്കുകയാണു് ചെയ്തതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ടാൻസ്റ്റോർട്ട് ഗോഡൗണുകൾ

* 575. [27] ശ്രീ. കുട്ടപൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തു് എത്ര ടാൻസ്റ്റോർട്ട് ഗോഡൗണുകൾ ആണു് പണിയാനുദ്ദേശിക്കുന്നതു്; അവ എവിടെയെല്ലാം;

(ബി) കായങ്കുളത്തു പണിയാനുദ്ദേശിക്കുന്ന ടാൻസ്റ്റോർട്ട് ഗോഡൗണിനുള്ള സ്ഥലം അവസാനമായി തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്കു പണി തുടങ്ങും?

LIBRARY ARCHIVES Kerala Legislative Assembly